"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- കൊല്ലം District Consumer Disputes Redressal Commmission-ന്റെ 30.03.2026 തീയതിയിലെ വിധിന്യായ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയായ ശ്രീമതി സെൽവീന.എസ്-ന്റെ മകനായ ശ്രീ.അനു അലക്സിന് ട്യൂഷൻ ഫീസ് കുടിശ്ശികയായി നൽകേണ്ട 1,00,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.517/2026/F&P തീയതി,തിരുവനന്തപുരം, 02-09-2026

---

പരാമർശം:-

1. സ.ഉ.(എം.എസ്) നമ്പർ 47/14/മതുവ തീയതി: 09/06/2014
2. 02/07/2019-ൽ ശ്രീമതി സെൽവീന സമർപ്പിച്ച അപേക്ഷ
3. 30/03/2026-ലെ കൊല്ലം District Consumer Disputes Redressal Commission-ന്റെ വിധിന്യായം
4. ഫിഷറീസ് ഡയറക്ടറുടെ 06/06/2026-ലെ DFTVM/1369/2026-N2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഹിന്ദുസ്ഥാൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2011-2015 കാലയളവിൽ മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിദ്യാർത്ഥിയായ ശ്രീ.അനു അലക്സിന്റെ വിദ്യാഭ്യാസ ആനുകല്യം പൂർണ്ണമായും അനുവദിക്കണമെന്ന് കാണിച്ച് മാതാവ് ശ്രീമതി സെൽവീന എസ്, കൊല്ലം District Consumer Disputes Redressal Commmission-ൽ C.C No.310/2015 നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു. ഹിന്ദുസ്ഥാൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2011-2015 കാലയളവിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന ശ്രീ. അനു അലക്സിന് ഫിഷറീസ് വകുപ്പ് അന്നത്തെ SC/ST വകുപ്പ് മാനദണ്ഡങ്ങൾ പ്രകാരമുള്ള വിദ്യാഭ്യാസ ധനസഹായമാണ് അനുവദിച്ചിരുന്നത്. എന്നാൽ, സ്വാശ്രയ കോളേജിലെ മെറിറ്റ് സീറ്റിൽ പഠിച്ചിരുന്നതിനാൽ യഥാർത്ഥ ട്യൂഷൻ ഫീസ് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാതിക്കാരി ഉപഭോക്തൃ ഫോറത്തെ സമീപിക്കുകയും, വിദ്യാഭ്യാസ ധനസഹായത്തിന്റെ ബാക്കിയിനത്തിൽ 1,00,000/-രൂപ, നഷ്ടപരിഹാരമായി 1,00,000/-രൂപ, കോടതി ചെലവായി 15,000/-രൂപ എന്നിവയും, കൂടാതെ പലിശയും അനുവദിച്ച് പരാമർശം (3) പ്രകാരം അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

2) നിലവിൽ, പരാമർശം (1) പ്രകാരം സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ വിദ്യാഭ്യാസ ധനസഹായം അനുവദിച്ചു വരുന്ന സാഹചര്യത്തിൽ, കോടതി വിധിപ്രകാരം ട്യൂഷൻ ഫീസ് ഇനത്തിൽ ബാക്കി നൽകാനുള്ള 1,00,000/-രൂപ അനുവദിക്കുന്നത്

പരിഗണിക്കാവുന്നതാണെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം **District Consumer Disputes Redressal Commmission**-ന്റെ പരാമർശം (2) വിധിന്യായ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയായ ശ്രീമതി സെൽവീന.എസ്-ന്റെ മകനായ ശ്രീ.അനു അലക്സിന് ട്യൂഷൻ ഫീസ് കുടിശ്ശികയായി നൽകേണ്ട **1,00,000/-** രൂപ '**2405-00-121-97-00-12-00-NV** രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീതാ കുമാരി.എൽ.പി
ജോയിന്റ് സെക്രട്ടറി

**The District Consumer Disputes Redressal Commmission, Kollam** (ആമുഖ കത്ത് സഹിതം)
ശ്രീമതി സെൽവീന.എസ്, അൻസു, സെറ്റിൽമെന്റ് കോളനി, പ്രാക്കുളം പി.ഒ, കൊല്ലം- **691602**
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ (ഡബ്ല്യു & സി.ഡി) വകുപ്പ് (**3580499/WCD-2/223/2026-FIN** തീയതി:**01/09/2026** പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി**2/166/2026**/മതുവ)

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha Shiju
Date: 02-09-2026
14:45:55
സെക്ഷൻ ഓഫീസർ